# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1849 — 05.10.2016-ൽ മറുപടിക്ക്

## പോക്സോ നിയമപ്രകാരം വിചാരണ നേരിടുന്ന ആദിവാസികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ. പ്രദീപ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചതുമൂലം പോക്സോ കേസ്സുകളിൽപെട്ട് എത്ര പേർ വിചാരണ നേരിടുന്നുണ്ട്; | എ) | ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചതുമൂലം പോക്സോ കേസ്സുകളിൽപെട്ട് വിചാരണ നേരിടുന്ന 2 കേസ്സുകൾ ഉണ്ട്. |
| ബി) | ഇത്തരം കേസ്സുകളിൽപെട്ട രക്ഷിതാക്കൾ ജയിലിൽ പോകുന്നതുകൊണ്ട് ഇവരുടെ കുട്ടികൾ അനാഥരാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഇല്ല |
| സി) | ഈ കുട്ടികളെ സംരക്ഷിക്കുവാൻ എന്തു നടപടിയാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ; | | |
| ഡി) | പോക്സോ നിയമത്തെക്കുറിച്ച് ആദിവാസി യുവതീ-യുവാക്കൾക്കിടയിൽ വ്യാപകമായ പ്രചാരണവും ബോധവൽക്കരണവും ട്രൈബൽ പ്രമോട്ടർമാർ വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിൻറെ വിശദാംശം വ്യക്തമാക്കുമോ? | ഡി) | പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചാരണവും ബോധവൽക്കരണവും പ്രമോട്ടർമാർ വഴി നടത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഊരുകൂട്ട യോഗങ്ങൾ കൂടുംപോൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നിയമത്തെക്കുറിച്ച് പ്രമോട്ടർമാരുടെ സാന്നിദ്ധ്യത്തിൽ ക്ലാസ്സുകൾ നൽകാറുണ്ട്. ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുംപോൾ ടി വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഇതിനു പുറമെ പട്ടികവർഗ്ഗ പ്രമോട്ടർമാരുടെയും സാമൂഹിക പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി വ്യാപകമായ പ്രചരണവും നടത്തി വരുന്നു. മഹിളാ സമഖ്യ പോലുള്ള സന്നദ്ധ സംഘടനകളും ടി വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ